**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1432** **28-07-2021 - ൽ മറുപടിയ്ക്ക്**

**പ്രവാസികൾ നേരിടുന്ന പ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. എൻ.കെ. അക്ബർ,<br>ശ്രീമതി ദെലീമ,<br>ശ്രീ. പി.വി. ശ്രീനിജിൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കോവിഡ് വ്യാപനത്തെ തുടർന്ന് നാട്ടിലെത്തുകയും നിശ്ചിത സമയപരിധി കഴിഞ്ഞിട്ടും തിരികെ തൊഴിലിടങ്ങളിൽ എത്തിച്ചേരുന്നതിന് സാധിക്കാതെയും വന്നിട്ടുള്ള പ്രവാസികൾ നേരിടുന്ന പ്രശ്നങ്ങൾക്ക് അടിയന്തര പരിഹാരം കാണുന്നതിനാവശ്യമായ നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (എ) | കോവിഡ് വ്യാപനത്തെ തുടർന്ന് നാട്ടിലെത്തുകയും തിരികെ പോകാൻ സാധിക്കാത്തതുമായി ബന്ധപ്പെട്ട് നിരവധി പ്രശ്നങ്ങൾ പ്രവാസികൾ നേരിടുന്നു. യാത്ര വിലക്ക്, വാക്സിൻ ലഭ്യത, വാക്സിനേഷൻ സർട്ടിഫിക്കറ്റിലെ അപാകതകൾ തുടങ്ങിയ വിഷയങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. വിദേശ രാജ്യങ്ങളിലേക്ക് തിരിച്ച് പോകാനാകാതെ കേരളത്തിൽ കുടുങ്ങിക്കിടക്കുന്ന മലയാളി പ്രവാസികളിൽ 72 മണിക്കൂറിനകത്ത് RTPCR ടെസ്റ്റ് നെഗറ്റീവ് ആയവർക്ക് തങ്ങളുടെ തൊഴിലിടങ്ങളിലേക്ക് തിരികെ പോകുന്നതിനു നയതന്ത്ര ചാനൽ ഉപയോഗപ്പെടുത്തി പ്രശ്നപരിഹാരം കാണുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ കേന്ദ്ര വിദേശകാര്യ സെക്രട്ടറിയോടും, കേന്ദ്ര ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ് സെക്രട്ടറിയോടും സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിൽ നിന്ന് ഇതുവരെ മറുപടി ലഭ്യമായിട്ടില്ല. |
| (ബി) | നാട്ടിൽ കുടുങ്ങിപ്പോയി പ്രയാസങ്ങൾ അനുഭവിക്കുന്ന പ്രവാസികൾക്ക് എത്രയും വേഗം തൊഴിലിടങ്ങളിൽ എത്തിച്ചേരുന്നതിന് അവസരമൊരുക്കുന്നതിനായി ഗൾഫ് നാട്ടുകളിലെ ഗവൺമെന്റുമായി ചർച്ച നടത്തുന്നതിനാവശ്യമായ എന്തെല്ലാം ഇടപെടലുകളാണ് സംസ്ഥാന സർക്കാർ നടത്തുന്നതെന്ന് അറിയിക്കാമോ; | (ബി) | കോവിഡ് വ്യാപനത്തെ തുടർന്ന് നാട്ടിലെത്തുകയും തിരികെ പോകാൻ സാധിക്കാത്തതുമായി ബന്ധപ്പെട്ട് നിരവധി പ്രശ്നങ്ങൾ പ്രവാസികൾ നേരിടുന്നു. യാത്ര വിലക്ക്, വാക്സിൻ ലഭ്യത, വാക്സിനേഷൻ സർട്ടിഫിക്കറ്റിലെ അപാകതകൾ തുടങ്ങിയ വിഷയങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. വിദേശ രാജ്യങ്ങളിലേക്ക് തിരിച്ച് പോകാനാകാതെ കേരളത്തിൽ കുടുങ്ങിക്കിടക്കുന്ന മലയാളി പ്രവാസികളിൽ 72 മണിക്കൂറിനകത്ത് RTPCR ടെസ്റ്റ് നെഗറ്റീവ് ആയവർക്ക് തങ്ങളുടെ |

| | | | |
|---|---|---|---|
| | | | തൊഴിലിടങ്ങളിലേക്ക് തിരികെ പോകുന്നതിനു നയതന്ത്ര ചാനൽ ഉപയോഗപ്പെടുത്തി പ്രശ്നപരിഹാരം കാണുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ കേന്ദ്ര വിദേശകാര്യ സെക്രട്ടറിയോടും, കേന്ദ്ര ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ് സെക്രട്ടറിയോടും സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിൽ നിന്ന് ഇതുവരെ മറുപടി ലഭ്യമായിട്ടില്ല. |
| (സി) | പ്രവാസികളുടെ തൊഴിൽ നഷ്ടം സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കുന്നതിനാൽ പ്രശ്നം പരിഹരിക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോയെന്ന് വ്യക്തമാക്കാമോ? | (സി) | ഇക്കാര്യം തുടർന്നും കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതാണ്. |

സെക്ഷൻ ഓഫീസർ